പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3245 10/12/2018-ൽ മറുപടിക്ക്

## അൺഎക്കണോമിക് എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനം

**ചോദ്യം**

ശ്രീ. പി.കെ. ബഷീർ:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് എയ്ഡഡ് സ്കൂളുകളിൽ ഏത് തീയതിക്ക് മുമ്പ് നിയമനം നേടിയ അദ്ധ്യാപകർക്കാണ് അദ്ധ്യാപക പാക്കേജ് പ്രകാരം സംരക്ഷണം നൽകുന്നതെന്ന് അറിയിക്കുമോ;

(ബി) അദ്ധ്യാപക പാക്കേജ് നിലവിൽ വന്നതിനു ശേഷം തസ്തികയില്ലാതെ പുറത്തു പോയവർക്ക് പുനർ നിയമനം നൽകുന്നതെങ്ങനെയെന്ന് വ്യക്തമാക്കുമോ;

(എ) യും (ബി) യും: അധ്യാപക പാക്കേജ് ഇപ്പോൾ നിലവിലില്ല. 2011-12 മുതൽ 2014-15 വരെ അധിക തസ്തികയിൽ നിയമിതരായവരൊഴികെ 2014-2015 അധ്യയന വർഷം വരെ റഗുലർ സർവ്വീസിൽ പ്രവേശിച്ച് നിയമനാംഗീകാരം നേടിയവർക്കാണ് ഇപ്പോൾ സംരക്ഷണത്തിന് അർഹത നൽകിയിട്ടുള്ളത്. സംരക്ഷണത്തിന് അർഹതയുള്ള എയിഡഡ് സ്കൂൾ ജീവനക്കാർക്ക് തസ്തിക നഷ്ടമായാൽ അവരെ അദ്ധ്യാപക ബാങ്കിൽപ്പെടുത്തി മറ്റ് എയ്ഡഡ് സ്കൂളുകളിലേയ്ക്ക് ജി.ഒ (പി) നം. 199/2016/ പൊവിവ ഉത്തരവ് പ്രകാരം പുനർവിന്യസിക്കുകയാണ് ചെയ്യേണ്ടത്.

(സി) 100 വർഷത്തിലേറെ പഴക്കമുള്ളതും 3 കിലോമീറ്റർ ചുറ്റളവിൽ വേറെ പ്രൈമറി, ഹൈസ്കൂൾ ഇല്ലാത്തതുമായ പ്രദേശത്ത് പ്രവർത്തിക്കുന്നതും പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്ന നിർദ്ധന കുട്ടികൾ പഠനം നടത്തുന്നതുമായ എയ്ഡഡ് സ്കൂളുകളിൽ ഒന്നിൽ കൂടുതൽ അദ്ധ്യാപക തസ്തികകളിൽ റിട്ടയർമെന്റ് ഒഴിവുണ്ടായിട്ടും സ്കൂൾ അൺഎക്കോമിക് ആണെന്ന കാരണത്താൽ ഒരു തസ്തികയ്ക്ക് പോലും അംഗീകാരം നൽകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: എങ്കിൽ ഇത്തരത്തിലുള്ള എത്ര സ്കൂളുകളുടെ അംഗീകാരത്തിനുള്ള അപേക്ഷ നിരസിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളുകളിൽ ഒന്നിൽ കൂടുതൽ അദ്ധ്യാപക തസ്തികകൾ ഒഴിവ് വരുമ്പോൾ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി തസ്തികയ്ക്ക് അംഗീകാരം നൽകുന്നതിന് ആവശ്യമായ ഉത്തരവുകൾ നൽകുന്നകാര്യം പരിഗണിക്കുമോ;

(സി) മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങളിൽ നിയമനം നടത്തുമ്പോൾ അത് ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ ആകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 12/6/2018-ലെ സ.ഉ (എം.എസ്) നം, 83/2018/പൊ.വി.വ പ്രകാരം ഒരു ക്ലാസിലെ കുട്ടികളുടെ ശരാശരി എണ്ണം 15 ൽ കുറവല്ലെങ്കിൽ അത്തരം സ്കൂളുകളെ മതിയായ എണ്ണം കുട്ടികളുണ്ടെന്നും കണക്കാക്കാമെന്ന് ഉത്തരവായിട്ടുണ്ട്. ഇത്തരം സ്കൂളുകളിൽ ശമ്പള സ്കെയിലിൽ നിയമനം അംഗീകരിച്ചുവരുന്നുണ്ട്.

(ഡി) കേന്ദ്ര-വിദ്യാഭ്യാസ അവകാശ നിയമപ്രകാരം കുട്ടികൾക്ക് പഠനത്തിനായി എന്തെല്ലാം

(ഡി) 6 മുതൽ 14 വയസ്സ് വരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും ഒരു അയൽപക്ക സ്കൂളിൽ

സൗകര്യങ്ങളാണ് ചെയ്തുകൊടുക്കേണ്ടത്. പ്രസ്തുത നിയമപ്രകാരം ഏറ്റവും കുറഞ്ഞത് എത്ര വിദ്യാർത്ഥികൾ ഉള്ള സ്കൂളുകൾക്കാണ അദ്ധ്യാപക തസ്തികയ്ക്ക് അംഗീകാരം നൽകേണ്ടത് വ്യക്തമാക്കുമോ;

പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതുവരെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകണമെന്ന് കേന്ദ്ര-വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുന്നു. 60 കുട്ടികൾവരെ 2 അദ്ധ്യാപകർ വേണമെന്നതാണ് പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ കേന്ദ്ര-വിദ്യാഭ്യാസ അവകാശ നിയമത്തിൽ അധ്യാപക തസ്തികയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള മാർഗനിർദേശങ്ങൾ ഒന്നും പ്രതിപാദിക്കുന്നില്ല.

(ഇ) 65 ഓളം കുട്ടികൾ പഠിക്കുന്ന അൺ എക്കോമിക് സ്കൂളിൽ എത്ര അദ്ധ്യാപക തസ്തികകളാണ് പരമാവധി അനുവദിക്കാവുന്നത്, എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക നിയമനം നൽകുന്നതിനായി 2015-ൽ നിശ്ചയിച്ചിരുന്ന അദ്ധ്യാപക വിദ്യാർത്ഥി അനുപാതം എത്രയാണെന്നറിയിക്കാമോ?

(ഇ) സ്കൂളുകളിലെ തസ്തിക നിർണയത്തിന് ആധാരമായി സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള വിദ്യാർത്ഥി-അധ്യാപക അനുപാതം താഴെ പറയുന്നു (2012-2013 മുതലുള്ളത്)

I മുതൽ V വരെ ക്ലാസ്സുകൾ

| കുട്ടികളുടെ എണ്ണം | അനുവദിക്കാവുന്ന ഡിവിഷനുകൾ |
|---|---|
| 30 വരെ | 1 |
| 31 മുതൽ 60 വരെ | 2 |
| 61 മുതൽ 90 വരെ | 3 |
| 91 മുതൽ1 20 വരെ | 4 |
| 121 മുതൽ 150 വരെ | 5 |
| 151 മുതൽ 200 വരെ | 5+ഒരുഹെഡ് ടീച്ചർ |
| 201 മുതൽ 240 വരെ | 6 |
| 241 മുതൽ 280 വരെ | 7 |
| 281 മുതൽ 320 വരെ | 8 എന്ന ക്രമത്തിൽ |

121 മുതൽ 200 വരെ 5 ഡിവിഷനുകളാണുള്ളത്.

2. VI മുതൽ VIII വരെ ക്ലാസ്സുകൾ

| കുട്ടികളുടെ എണ്ണം | അനുവദിക്കാവുന്ന ഡിവിഷനുകൾ |
|---|---|
| 35 വരെ | 1 |
| 36 മുതൽ 70 | 2 |
| 71 മുതൽ 105 | 3 |
| 106 മുതൽ 140 | 4 |
| 141 മുതൽ 175 | 5 എന്ന ക്രമത്തിൽ |

3. IX, X ക്ലാസ്സുകൾ

| കുട്ടികളുടെ എണ്ണം | അനുവദിക്കാവുന്ന ഡിവിഷനുകൾ |
|---|---|
| 50 വരെ | 1 |
| 51 മുതൽ 95 വരെ | 2 |
| 96 മുതൽ 140 വരെ | 3 |
| 141 മുതൽ 185 വരെ | 4 എന്ന ക്രമത്തിൽ |

സെക്ഷൻ ഓഫീസർ